# സാമൂഹിക പ്രത്യാഘാത പഠനം
# കൊണ്ടോട്ടി മുനിസിപ്പാലിറ്റിക്ക് വേണ്ടിയുള്ള
# ഉന്നതതല ജല സംഭരണി നിർമ്മാണം
# കൊണ്ടോട്ടി താലൂക്ക്, നെടിയിരുപ്പ് വില്ലേജ്
# 15 സെന്റ്

അന്തിമ റിപ്പോർട്ട്

തീയതി : 6/12/2021

റിക്വസിഷൻ അധികാരി

കേരള വാട്ടർ അതോറിറ്റി


കേരളാ വോളന്ററി ഹെൽത്ത് സർവ്വീസസ്

കളക്ട്രേറ്റ് പി.ഒ, മുള്ളൻകുഴി, കോട്ടയം : 686002

ഫോൺ : 0481 2572781, 2573875

E-mail :keralavhs@yahoo.co.in

Web :www.keralavhs.org


KERALA VHS MULLANKUZHY KOTTAYAM-2 COLLECTORATE P.O.

## ഉള്ളടക്കം


1. ആമുഖം

1.1 പദ്ധതിയും പൊതു ആവശ്യവും

1.2 പദ്ധതി പ്രദേശം

1.3. ഭൂമി ഏറ്റെടുക്കൽ - വ്യാപ്തിയും നടപടിക്രമങ്ങളും

(എ). ഭൂമി ഏറ്റെടുക്കൽ അധികാരി

(ബി). പദ്ധതി ബാധിതരുടെ വിവരങ്ങൾ

(സി). ഏറ്റെടുക്കുന്ന ഭൂമിയുടെ വിവരണം.

1.4. പദ്ധതിയും നടപ്പാക്കൽ ഏജൻസിയും

(എ). നടപ്പാക്കൽ ഏജൻസി

(ബി). പദ്ധതി നിർവ്വഹണ ഘട്ടം

(സി). പദ്ധതിയെ ബാധിക്കുന്ന നിയമങ്ങളും നയങ്ങളും

1.5. പദ്ധതി സംബന്ധമായ ഇതര മാർഗ്ഗ നിർദ്ദേശങ്ങൾ

1.6. സമീപനവും രീതി ശാസ്ത്രവും

(എ). പശ്ചാത്തലം

(ബി). സാമൂഹിക പ്രത്യാഘാത പഠന യൂണിറ്റ് ടീമിന്റെ ഘടനയും വിവരങ്ങളും

(സി). പഠന സമീപനം

(ഡി). നടപടികളും സമയക്രമങ്ങളും

(ഇ). പദ്ധതി ബാധിതനുമായുള്ള കൂടിക്കാഴ്ചയിൽ ഉന്നയിക്കപ്പെട്ട പ്രധാന അഭിപ്രായങ്ങൾ

(എഫ്). പൊതു അഭിപ്രായ സ്വീകരണം

1.7. പദ്ധതി പ്രദേശത്ത് ഉണ്ടായേക്കാവുന്ന പൊതുവായ പ്രത്യാഘാതം

1.8. സാമൂഹിക പ്രത്യാഘാതം

1.9. പ്രത്യാഘാത ലഘൂകരണം

1.10. പ്രത്യാഘാത ലഘൂകരണ നടപടികൾ

1.11. സാമൂഹ്യ പ്രത്യാഘാത പരിഹാര നിർവ്വഹണ പദ്ധതിയുടെ സ്ഥാപന ഘടനാ സംവിധാനം


KERALA VHS MULLANKUZHY KOTTAYAM-2 COLLECTORATE P.O.

1.12- സാമൂഹിക പ്രത്യാഘാത കാര്യ നിർവ്വഹണ പദ്ധതി-പ്രധാനപ്പെട്ട മേൽനോട്ട വിലയി
രുത്തൽ സൂചകങ്ങൾ

1.13. സാമൂഹിക പ്രത്യാഘാത വിലയിരുത്തൽ

അനുബന്ധരേഖകൾ

1. പദ്ധതി ബാധിതരുടെ പേരു വിവരങ്ങൾ
2. ഫോട്ടോഗ്രാഫ്
3. പത്രപ്പരസ്യം (ഫോറം. നം. 5 നോട്ടിഫിക്കേഷൻ)
4. നോട്ടീസ്
5. പൊതു അഭിപ്രായ സ്വീകരണ ഹാജർ
6. ഗസറ്റ് നോട്ടിഫിക്കേഷൻ

KERALA V H S
MULLANKUZHY
KOTTAYAM-2
COLLECTORATE P.O.

**സാമൂഹിക പ്രത്യാഘാത പഠനം**
**കൊണ്ടോട്ടി മുനിസിപ്പാലിറ്റിക്ക് വേണ്ടിയുള്ള**
**ഉന്നതതല ജല സംഭരണി നിർമ്മാണം**
**കൊണ്ടോട്ടി താലൂക്ക്, നെടിയിരുപ്പ് വില്ലേജ്**
**15 സെന്റ്**

## അദ്ധ്യായം - 1
## പഠന റിപ്പോർട്ട്- രത്ന ചുരുക്കം

### 1.1 ആമുഖം - പദ്ധതിയും പൊതു ആവശ്യവും

രണ്ടായിരത്തി ഇരുപത്തിനാലോടെ എല്ലാവർക്കും കുടിവെള്ളം എത്തിക്കുക എന്നത്, സുസ്ഥിര വികസന ലക്ഷ്യത്തിന്റെ ഭാഗമാണ്. അതുകൊണ്ട് തന്നെ കേന്ദ്ര - സംസ്ഥാന സർക്കാരുകൾ, സാർവ്വത്രിക കുടിവെള്ള പദ്ധതിക്ക് വലിയ പ്രാധാന്യം ആണ് നൽകുന്നത്. കേരളത്തിലെ കുടിവെള്ള പദ്ധതികൾ പ്രധാനമായും നടപ്പിലാക്കുന്നത് രണ്ട് സർക്കാർ വകുപ്പുകളും ഒരു സർക്കാർ ഏജൻസിയും ആണ്. എന്നാൽ 85% കുടിവെള്ള പദ്ധതികളുടെയും നടത്തിപ്പും പരിപാലനവും കേരള ജലസേചന വകുപ്പിന്റെ കീഴിലുള്ള കേരള ജല അതോറിറ്റിയാണ് ചെയ്യുന്നത്. അതുകൊണ്ട് തന്നെ സാർവ്വത്രിക കുടിവെള്ളം രണ്ടായിരത്തി ഇരുപത്തിനാലോടെ എന്ന ലക്ഷ്യം കൈവരിക്കുന്നതിന് മുൻനിര പ്രവർത്തനങ്ങൾ നടത്തുന്നത് കേരള ജല അതോറിറ്റിയാണ്. മേൽപ്പറഞ്ഞ ലക്ഷ്യം കൈവരിക്കുന്നതിന് പല പദ്ധതികളും, കേരള ജല അതോറിറ്റി നടപ്പിലാക്കുന്നുണ്ട്. അതിൽ പ്രധാനപ്പെട്ടത്, ഇപ്പോൾ നിലവിലുള്ള കുടിവെള്ള സ്രോതസ്സുകൾ പുഷ്ടിപ്പെടുത്തി, വിതരണ സംവിധാനം വിപുലീകരിച്ച് കൂടുതൽ പ്രദേശങ്ങളിലേക്ക് കുടിവെള്ളം എത്തിക്കുക എന്നതാണ്. നെടിയിരുപ്പ് വില്ലേജിൽ കൊണ്ടോട്ടി മുനിസിപ്പാലിറ്റിക്ക് വേണ്ടി നിർമ്മിക്കുന്ന ഉന്നത തല ജലസംഭരണി മേൽപ്പറഞ്ഞ തരത്തിലുള്ള പദ്ധതിയാണ്.

കേരളാ ഗസറ്റ് നം.2787, തീയതി സെപ്റ്റംബർ 25, 2021 ഉം വിജ്ഞാപനം നം.ഡി.സി.എം. പി.എം.4179/2020-എൽ.എ-2, തീയതി സെപ്റ്റംബർ 2, 2021 അറിയിപ്പ് പ്രകാരം കേരള സർക്കാർ കേരള വോളന്ററി ഹെൽത്ത് സർവ്വീസസിനെ നെടിയിരുപ്പ് വില്ലേജിൽ കൊണ്ടോട്ടി മുനിസിപ്പാലിറ്റിക്ക് വേണ്ടി നിർമ്മിക്കുന്ന ഉന്നത തല ജലസംഭരണി നിർമ്മാണ പദ്ധതിയുടെ സാമൂഹിക പ്രത്യാഘാത പഠനം നടത്തുന്നതിനുള്ള യൂണിറ്റായി ഗവൺമെന്റ് ഗസറ്റിൽ പ്രസിദ്ധീകരിക്കുകയുണ്ടായി.

### 1.2. പദ്ധതി പ്രദേശം

മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി താലൂക്കിൽ കൊണ്ടോട്ടി മുനിസിപ്പാലിറ്റി പരിധിയിൽ നെടിയിരുപ്പ് ദേശത്ത് സുലൈമാൻ മുഹമ്മദ് എന്ന ഭൂ ഉടമസ്ഥന്റെ 15 സെന്റ് സ്ഥലം ആണ് പദ്ധതിക്ക് വേണ്ടി ഏറ്റെടുക്കുന്നത്. കൊണ്ടോട്ടി മുനിസിപ്പാലിറ്റി പ്രദേശത്തെ ഏറ്റവും ഉയരം കൂടിയ കുന്നിൻ പ്രദേശമായ പദ്ധതി പ്രദേശം കാർഷിക പ്രധാനമായ സ്ഥലമാണ്. തെങ്ങ്,

KERALA V.H.S. MULLANKUZHY KOTTAYAM-2 COLLECTORATE P.O.

കവുങ്ങ് തുടങ്ങിയ നാണ്യ വിളകൾ കൃഷി ചെയ്യപ്പെടുന്ന പ്രദേശത്ത് ഇടവിളയായി വാഴ, കിഴങ്ങ് വർഗ്ഗങ്ങൾ എന്നിവയും കൃഷി ചെയ്യപ്പെടുന്നു. മലപ്പുറം പട്ടണത്തിൽനിന്നും ഉദ്ദേശം 24 കി.മീ. മാറി സ്ഥിതി ചെയ്യുന്ന നെടിയിരുപ്പ് വില്ലേജ് സാമൂതിരി രാജവംശത്തിന്റെ ഭരണ സിരാ കേന്ദ്രം എന്ന നിലയിൽ ചരിത്ര പ്രാധാന്യമുള്ള സ്ഥലമാണ്. ആറ് ക്ഷേത്രങ്ങളും ഇരുപത് മുസ്ലീം പള്ളികളുമുള്ള നെടിയിരുപ്പ് പ്രദേശം മുസ്ലീം ഭൂരിപക്ഷ മേഖലയായി അറിയപ്പെടുന്നു. ദേശീയപാത 66 ന്റെ സമീപസ്ഥമായി സ്ഥിതിചെയ്യുന്ന പദ്ധതി പ്രദേശത്തേക്ക് എത്തിപ്പെടുവാൻ മുനിസിപ്പാലിറ്റി റോഡിനെയാണ് ആശ്രയിക്കേണ്ടത്.

## 1.3. ഭൂമി ഏറ്റെടുക്കൽ - വ്യാപ്തിയും നടപടിക്രമങ്ങളും

### (എ). ഭൂമി ഏറ്റെടുക്കൽ അധികാരി

സ്പെഷ്യൽ തഹസിൽദാർ, എൽ.എ. (കിഫ്ബി), യൂണിറ്റ് - 2 , മലപ്പുറം ആണ് നെടിയിരുപ്പ് വില്ലേജിൽ കൊണ്ടോട്ടി മുനിസിപ്പാലിറ്റിക്ക് വേണ്ടി നിർമ്മിക്കുന്ന ഉന്നത തല ജലസംഭരണി നിർമ്മാണ പദ്ധതിയുടെ ഭൂമി ഏറ്റെടുക്കൽ നടപടിക്രമങ്ങൾ നടത്തുന്നത്.

### (ബി).പദ്ധതി ബാധിതരുടെ വിവരങ്ങൾ

നെടിയിരുപ്പ് വില്ലേജിൽ സുലൈമാൻ മുഹമ്മദ് എന്ന ഭൂഉടമസ്ഥന്റെ ഉടമസ്ഥാവകാശത്തിലുള്ള 42 സെന്റ് ഭൂമിയിൽ ഉൾപ്പെടുന്ന 15 സെന്റ് ഭൂമിയാണ് പദ്ധതിക്ക് വേണ്ടി ഏറ്റെടുക്കുന്നത്. കൊണ്ടോട്ടി മുനിസിപ്പാലിറ്റിയിലെ 14-ാം വാർഡിൽ വരുന്ന പദ്ധതി പ്രദേശത്തോട് ചേർന്ന് താമസിക്കുന്ന പദ്ധതി ബാധിതൻ ഉദ്ദേശം 20 വർഷമായി പദ്ധതി പ്രദേശത്ത് സ്ഥിര താമസം ആയ വ്യക്തിയാണ്. ഭാര്യയും രണ്ട് മക്കളും അടങ്ങുന്ന കുടുംബത്തോടൊപ്പം താമസിച്ച് വരുന്നു. കാർഷികവൃത്തി മുഖ്യ വരുമാന സ്രോതസ്സായ സുലൈമാൻ മുഹമ്മദ് വാണിജ്യ വിളകളുടെ വ്യാപാരത്തിലും ഏർപ്പെടാറുണ്ട്. കാഴ്ചയിൽ മധ്യ വർഗ്ഗ സാമ്പത്തിക സ്ഥിതിയുള്ള പദ്ധതി ബാധിതൻ തന്റെ സാമൂഹ്യ പ്രതിബദ്ധതയുടെ പേരിലാണ് പദ്ധതി ഭൂമി വിട്ടു തരുവാൻ തയ്യാറായത് എന്ന് പഠന യൂണിറ്റിനെ അറിയിക്കുകയുണ്ടായി.

മുസ്ളീം മത വിശ്വാസിയായ പദ്ധതി ബാധിതൻ പത്താം തരത്തിന് മുകളിൽ വിദ്യാഭ്യാസ യോഗത്യയുള്ളതും സാമൂഹിക - സാംസ്കാരിക പ്രവർത്തനങ്ങളിൽ തൽപ്പരനുമാണ്.

### (സി). ഏറ്റെടുക്കുന്ന ഭൂമിയുടെ വിവരണം.

മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി താലൂക്കിൽ നെടിയിരിപ്പു വില്ലേജിൽ ബ്ലോക്ക് 35, സർവ്വേ നം. 95/9-1 ൽപ്പെട്ട 15 സെന്റ് ഭൂമിയാണ് പദ്ധതി ഭൂമി. പ്രദേശത്തെ ഏറ്റവും ഉയർന്ന കുന്നിൻ മുകളിലുള്ള പദ്ധതി ഭൂമി പദ്ധതിയുടെ ഉദ്ദേശത്തിന് ഏറ്റവും അനുയോജ്യവും കുറഞ്ഞ പ്രത്യാഘാതം സൂചിപ്പിക്കുന്നതുമാണ്.

KERALA VHS ★ MULLANKUZHY ★ KOTTAYAM-2 COLLECTORATE P.O.

## 1.4. പദ്ധതിയും നടപ്പാക്കൽ ഏജൻസിയും

### (എ). നടപ്പാക്കൽ ഏജൻസി

കേരള ജല അതോറിറ്റി ആണ് പദ്ധതിയുടെ നടപ്പാക്കൽ ഏജൻസി. 1984-ൽ ആരംഭിച്ച, കേരള ജല അതോറിറ്റി അതുവരെ ഉണ്ടായിരുന്ന പബ്ളിക് ഹെൽത്ത് എൻജിനീയറിംഗ് വകുപ്പിനെ വിപുലീകരിച്ച് രൂപപ്പെടുത്തിയതാണ്. സുസ്ഥിര വികസന മാതൃക പിന്തുടർന്ന് ഗുണ നിലവാരമുള്ള ശുദ്ധജലം വിതരണം ചെയ്യുകയും, മലിനജലം സംസ്കരിക്കുകയും ചെയ്യുക എന്ന വലിയ കാഴ്ചപ്പാടോടെയാണ് കേരള ജല അതോറിറ്റി പ്രവർത്തിക്കുന്നത്. അതുകൊണ്ട് തന്നെ 2019 ൽ ആരംഭിച്ച ജലജീവൻ മിഷൻ പദ്ധതിയുടെ പ്രധാന നടപ്പാക്കൽ ഏജൻസിയും കേരള ജല അതോറിറ്റിയാണ്. എല്ലാ ജില്ലയിലും എക്സിക്യൂട്ടീവ് എഞ്ചിനീയർ ഭരണ നിർവ്വഹണം, എക്സിക്യൂട്ടീവ് എഞ്ചിനീയർ പദ്ധതി നിർവ്വഹണം എന്നീ ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ അനേകം എഞ്ചിനീയർമാർ, ജല വിതരണ തൊഴിലാളികൾ, ഭരണ നിർവഹണ ജീവനക്കാർ എന്നിവർ ഉൾപ്പെടെ ഒരു വലിയ തൊഴിലാളി ശ്രേണി പ്രവർത്തിക്കുന്നു.

### (ബി).പദ്ധതി നിർവ്വഹണ ഘട്ടം

ബഹുമാനപ്പെട്ട ഗവൺമെന്റ് പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. നടപ്പാക്കൽ സംബന്ധമായി സർക്കാർ നടപ്പാക്കൽ ഏജൻസിക്ക് അനുമതി പത്രം നൽകുകയും ഭൂമി ഏറ്റെടുക്കൽ വിഭാഗം പ്രാഥമിക സർവ്വേ നടത്തുകയും ഏറ്റെടുക്കുന്ന ഭൂമിയുടെ അതിരുകൾ നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ ഭാഗമായി ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നു.

### (സി).പദ്ധതിയെ ബാധിക്കുന്ന നിയമങ്ങളും നയങ്ങളും

| ക്രമ നം. | നിയമവും നയങ്ങളും | ബാധിക്കുന്ന മേഖല |
|---|---|---|
| 1. | ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ചട്ടങ്ങളും | പ്രത്യാഘാത ലഘൂകരണം |
| 2. | ഭൂമി ഏറ്റെടുക്കൽ നിയമം 1894<br>ഭൂമി ഏറ്റെടുക്കൽ നിയമം (കേരളാ ചട്ടങ്ങൾ 1990)<br>ഭൂമി ഏറ്റെടുക്കൽ നിയമം 1961<br>ഭൂമി ഏറ്റെടുക്കൽ നിയമം<br>ചട്ടങ്ങൾ<br>ഗവൺമെന്റിന്റെ പുനരധിവാസ പുനസ്ഥാപന നയം | ഭൂമി ഏറ്റെടുക്കൽ പുനരധിവാസവും പുനസ്ഥാപനവും |

KERALA VHS MULLANKUZHY KOTTAYAM-2 COLLECTORATE P.O.

### 1.5. പദ്ധതി സംബന്ധമായ ഇതര മാർഗ്ഗ നിർദ്ദേശങ്ങൾ

പദ്ധതി സംബന്ധമായി ഇതര മാർഗ്ഗ നിർദ്ദേശങ്ങൾ ഇല്ല

## 1.6 സമീപനവും രീതി ശാസ്ത്രവും

**(എ). പശ്ചാത്തലം**

കേരളാ ഗസറ്റ് നം.2787, തീയതി സെപ്റ്റംബർ 25, 2021 ഉം വിജ്ഞാപനം നം.ഡി.സി.എം. പി.എം/4179/2020 - എൽ.എ.2, തീയതി സെപ്റ്റംബർ2, 2021 അറിയിപ്പ് പ്രകാരം കേരള സർക്കാർ കേരള വോളന്ററി ഹെൽത്ത് സർവ്വീസസിനെ ഈ പദ്ധതിയുടെ സാമൂഹിക പ്രത്യാഘാത പഠനം നടത്തുന്നതിനുള്ള യൂണിറ്റായി ഗവൺമെന്റ് ഗസറ്റിൽ പ്രസിദ്ധീകരിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ സാമൂഹിക പ്രത്യാഘാത യൂണിറ്റ് രൂപപ്പെടുത്തി.

**(ബി).സാമൂഹിക പ്രത്യാഘാത പഠന യൂണിറ്റ് ടീമിന്റെ ഘടനയും വിവരങ്ങളും**

| ക്രമ നം. | പേര്, മേൽവിലാസം | ടീമിലെ സ്ഥാനം | പ്രവർത്തന പരിചയവും മറ്റ് വിവരങ്ങളും |
|---|---|---|---|
| 1. | സാജു. വി.ഇട്ടി | റ്റീം ലീഡർ | 26 വർഷം സാമൂഹിക സേവന മേഖലയിൽ ഉള്ള പ്രവർത്തന പരിചയം. പുനരധിവാസ പുനസ്ഥാപന പ്രവർത്തനങ്ങളിലും സാമൂഹിക വിവരശേഖരണത്തിലും ഗവേഷണത്തിലും ഉള്ള പ്രവർത്തി പരിചയം. |
| 2. | രാകേഷ് ആർ. നായർ | പുനരധിവാസ പുനസ്ഥാപന വിദഗ്ദൻ സാമൂഹിക വിവര ശേഖകൻ | 11 വർഷത്തെ പ്രവർത്തന പരിചയം |
| 3. | സ്മിത ആർ | പുനരധിവാസ പുനസ്ഥാപന വിദഗ്ദ, സാമൂഹിക വിവര ശേഖരണം | 16 വർഷത്തെ പ്രവർത്തന പരിചയം |
| 4. | ഷീബ ജോൺസൻ | ഡേറ്റ അനലൈസർ & വിവര ക്രോഡീകരണം | 26 വർഷത്തെ പ്രവർത്തി പരിചയം |

KERALA VHS
MULLANKUZHY
KOTTAYAM-2
COLLECTORATE P.O.

### (സി).പഠന സമീപനം

പഠനത്തിന്റെ ഭാഗമായി പ്രധാനപ്പെട്ട പദ്ധതി പങ്കാളികളെ സാമൂഹിക വിശകലനത്തിലൂടെ കണ്ടെത്തുകയും അവരുമായി ആശയ വിനിമയ സംവിധാനം രൂപപ്പെടുത്തുകയും പഠനത്തിന് അവരുടെ പങ്കാളിത്തം ഉറപ്പു വരുത്തുകയും ചെയ്തു. തുടർന്ന് വില്ലേജ് ഓഫീസ്, താലൂക്ക് ഓഫീസ്, മുനിസിപ്പാലിറ്റി എന്നിവിടങ്ങളിൽ നിന്ന് വിവരങ്ങൾ ശേഖരിക്കുകയും പദ്ധതി ബാധിതന്റെ വിവരശേഖരണത്തിനായി ഒരു ചോദ്യാവലി തയ്യാറാക്കുകയും ഉണ്ടായി. തയ്യാറാക്കിയ ചോദ്യാവലി ഉപയോഗിച്ച് സാമൂഹിക - സാമ്പത്തിക- സാംസ്കാരിക വിവര ശേഖരണം നടത്തുകയും ആയത് ക്രോഡീകരിച്ച് വിശകലനം നടത്തുകയും ഉണ്ടായി. സാമൂഹിക പ്രത്യാഘാത പഠന യൂണിറ്റ് പദ്ധതി പ്രദേശത്ത് പദ്ധതി സംബന്ധമായി താൽപ്പര്യമുള്ളവരുടെ അഭിപ്രായങ്ങൾ സ്വീകരിക്കുകയും ഉണ്ടായി. പദ്ധതി ബാധിതന് വേണ്ടി ആവശ്യമായ വ്യക്തിഗത പഠനങ്ങൾ നടത്തുകയും വിവരശേഖരണം ലക്ഷ്യമിട്ട് പദ്ധതി പ്രദേശവും സമീപ സ്ഥലങ്ങളും സന്ദർശിക്കുകയും ജനപ്രതിനിധികളുമായി ഒറ്റയ്ക്കും കൂട്ടായും കൂടിയാലോചനകൾ നടത്തുകയും അഭിപ്രായങ്ങൾ സ്വീകരിക്കുകയും ചെയ്തു. പദ്ധതി ഭൂമിയുടെ ഉടമസ്ഥനെയും നേരിൽ കണ്ട് വിവര ശേഖരണം നടത്തുകയുണ്ടായി.

### (ഡി). നടപടികളും സമയക്രമങ്ങളും

25/09/2021 - സാമൂഹിക പ്രത്യാഘാത പഠന സംബന്ധമായ സർക്കാർ വിജ്ഞാപനം.
16/10/2021 - സാമൂഹിക പ്രത്യാഘാത പഠന സംബന്ധമായ സർക്കാർ വിജ്ഞാപനം ലഭ്യമായി.
20/10/2021 - 25/10/2021 - സാമൂഹിക സർവ്വേ
08/11/2021 - കരട് റിപ്പോർട്ട്
04/12/2021 - പൊതു അഭിപ്രായ സ്വീകരണം
06/12/2021 - അന്തിമ റിപ്പോർട്ട്

### (ഇ).പദ്ധതി ബാധിതരുമായുള്ള കൂടിക്കാഴ്ചയിൽ ഉന്നയിക്കപ്പെട്ട പ്രധാന അഭിപ്രായങ്ങൾ

1. സമയ ബന്ധിതമായ പദ്ധതി പൂർത്തീകരണം പ്രത്യാഘാതം കുറയ്ക്കാൻ സഹായകരമാണ്.

2. ന്യായമായ നഷ്ട പരിഹാരം ലഭ്യമായാൽ പദ്ധതിക്കുവേണ്ടി ഭൂമി വിട്ടുനൽകുവാൻ ഭൂവുടമ തയ്യാറാണ്.

### (എഫ്). പൊതു അഭിപ്രായ സ്വീകരണം- വട്ടക്കണ്ടത്തിൽ ശ്രീ.സുലൈമാൻ മുഹമ്മദിന്റെ ഭവനാങ്കണം, തീയതി : 04/12/2021, സമയം : 11 എ.എം.

04/12/2021 ൽ നടന്ന പൊതു അഭിപ്രായ സ്വീകരണത്തിൽ (ഫോറം-5, റൂൾ 14(1), ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ട പരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസ

KERALA V H S ★ MULLANKUZHY ★ KOTTAYAM-2 COLLECTORATE P.O.

ത്തിനും പുനസ്ഥപാനത്തിനുമുള്ള അവകാശ നിയമവും ചട്ടങ്ങളും 2013) പദ്ധതി ബാധിതൻ ഉന്നയിച്ച പ്രധാന കാര്യങ്ങൾ.

പൊതു അഭിപ്രായ സ്വീകരണ സംബന്ധമായ അറിയിപ്പ് പ്രധാന ദിനപത്രങ്ങളായ ജന യുഗം, മംഗളം എന്നിവയിൽ പ്രസിദ്ധീകരിക്കുകയും, പദ്ധതി ബാധിതന്റെ മേൽവിലാസ ത്തിൽ പൊതു അഭിപ്രായ സ്വീകരണ യോഗം സംബന്ധമായ കത്ത് നൽകുകയും, വിശദ മായ സന്ദേശം പദ്ധതി ബാധിതന്റെ ഫോണുകളിൽ നൽകുകയും, പദ്ധതി ബാധിതനെ ഫോണിൽ ബന്ധപ്പെടുകയും ഉണ്ടായി. ഇത് കൂടാതെ യോഗം സംബന്ധമായ അറിയിപ്പ് വില്ലേജ് ഓഫീസ്, പഞ്ചായത്ത് ഓഫീസ് എന്നിവടങ്ങളിൽ പ്രസിദ്ധീകരിക്കുകയും, ഫോൺ വഴി അറിയിക്കുകയും ചെയ്തു. സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ടിന്റെ കരട്, നിയമം നിർദ്ദേശിക്കുന്ന എല്ലാ ഓഫീസുകളിലും പൊതുജനങ്ങളുടെ പരിശോധനയ്ക്ക് സഹായകര മായ വിധം പ്രസിദ്ധീകരിക്കുകയും യോഗ ദിവസം റിപ്പോർട്ടിന്റെ പകർപ്പുകൾ ആവശ്യമായ രീതിയിൽ വിതരണം ചെയ്യുകയും ചെയ്തു. യോഗത്തിൽ പഞ്ചായത്ത് ജനപ്രതിനിധികൾ, സ്പെഷ്യൽ തഹസിൽദാർ എൽ.എ, എക്സിക്യുട്ടീവ് എഞ്ചിനീയർ, കേരള വാട്ടർ അതോ റിറ്റി എന്നിവിടങ്ങളിൽ അവരുടെ സാന്നിധ്യം ഉറപ്പാക്കുന്ന വിധം അറിയിപ്പുകൾ നൽകുകയും ഉണ്ടായി.

പൊതു അഭിപ്രായ സ്വീകരണ യോഗത്തിൽ ശ്രീ.ബിബിൻലാൽ എ. വള്ളിക്കുഴി,കൗൺസിലർ, ശ്രീ.കെ.പി. ഫിറോസ്,കൗൺസിലർ, ശ്രീ.ശ്രീജേഷ് പി., അസിസ്റ്റന്റ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി, മലപ്പുറം, ശ്രീ. വി.പി.രഘുമണി. സ്പെഷ്യൽ തഹസിൽദാർ, എൽ.എ. യൂണിറ്റ്-3, കിഫ്ബി.മലപ്പുറം, ശ്രീ.എം.വി.രാധാകൃഷ്ണൻ,പ്രോജക്റ്റ് അസിറ്റ്റ്റന്റ്, കിഫ്ബി. മലപ്പുറം ശ്രീമതി. ഉമാദേവി വി. ഓവർസിയർ, കേരള വാട്ടർ അതോറിറ്റി, മലപ്പുറം, ശ്രീ. എൻ. സുലൈമാൻ, വട്ടക്കണ്ടത്തിൽ, ഭൂ ഉടമസ്ഥൻ എന്നിവർ പങ്കെടുത്തു.

| ക്രമ നം. | അഭിപ്രായങ്ങൾ | വിശദീകരണം |
|---|---|---|
| 1. | പദ്ധതിക്ക് വേണ്ടി ഭൂമി നൽകിയത്, നാടിന്റെ വികസനത്തിന് ഉതകുമല്ലോ എന്ന് കരുതിയാണ് . എന്നാൽ ആദ്യം മൂന്ന് സെന്റ് ഭൂമിയാണ് ആവശ്യപ്പെ ട്ടത്, പിന്നീട് അഞ്ച് സെന്റും അതിന് ശേഷം ഇപ്പോഴത്തെ പദ്ധതിക്ക് വേണ്ടി പതിനഞ്ച് സെന്റും ആവശ്യമായി വന്നു. അങ്ങനെയാണ് പതിനഞ്ച് സെന്റ് ഭൂമി നല്കാൻ തയ്യാറായത്. കാലവിളംബരം ഉണ്ടാവുന്നത് ഒരു പ്രയാസമാണ്. എത്രയും വേഗം നഷ്ടപരിഹാരം തന്ന് ഭൂമി ഏറ്റെടുക്ക | **ശ്രീ.ബിബിൻലാൽ എ. വള്ളിക്കുഴി,കൗൺസിലർ**<br>പഞ്ചായത്തിന്റെ എല്ലാ സഹായവും എപ്പോഴും ഉണ്ടായിരിക്കും.<br><br>**ശ്രീ. ശ്രീനാഥ്, അസിസ്റ്റന്റ് എഞ്ചിനീയർ**<br>നടപ്പാക്കൽ ഏജൻസി പ്രതിനിധി<br>ഭൂമി ഏറ്റെടുക്കൽ നടപടി എത്രയും വേഗം പൂർത്തിയാക്കാൻ എല്ലാവരും സഹകരിക്കണം.<br><br>**ശ്രീ. വി.പി.രഘുമണി. സ്പെഷ്യൽ തഹ** |



KERALA VHS MULLANKUZHY KOTTAYAM-2 COLLECTORATE P.O.

| | | |
|---|---|---|
| | ണം. പുരയിടത്തിൽ നിന്ന് കായ്ഫലമുണ്ടായിരുന്ന പത്തൊമ്പത് തെങ്ങ്, ഇരുപത്തിയാറ് കമുക്, പതിനെട്ട് കുരുമുളക് ചെടി, രണ്ട് പറങ്കിമാവ്, ഒരു മാവ്, പത്ത് മഹാഗണി, പന്ത്രണ്ട് പടുമരങ്ങൾ എന്നിവ വെട്ടിമാറ്റിയിട്ടുണ്ട്. പദ്ധതി സുഗമമായി നടപ്പാക്കാനാണ് വെട്ടിമാറ്റാൻ അനുവാദം നൽകിയത്. ടി മരങ്ങൾക്ക് നഷ്ടപരിഹാരം നൽകണം. കൂടാതെ ഭൂമിക്ക് ന്യായമായ വില നൽകണം. | **സിൽദാർ, എൽ.എ. യൂണിറ്റ്-3**<br>ഭൂമി ഏറ്റെടുക്കലിൽ ഒരു നഷ്ടപരിഹാര നിർണ്ണയ നടപടിക്രമങ്ങൾ ഉണ്ട്. ആ നടപടികൾ ജനപക്ഷത്ത് നിൽക്കുന്നവയാണ്. അതുകൊണ്ടുതന്നെ നിയമം അനുശാസിക്കുന്ന എല്ലാ സഹായവും പദ്ധതിബാധിതന് നൽകുന്നതാണ്.<br><br>**ശ്രീ..കെ.പി. ഫിറോസ്,കൗൺസിലർ**<br>നെടിയിരിപ്പ് പ്രദേശത്തെ കുടിവെള്ള ക്ഷാമം പരിഹരിക്കാനുള്ള പദ്ധതിക്ക് വേണ്ടി ഭൂമി നൽകിയതിന് ജനങ്ങളുടെ പേരിലും സ്ഥലം എം.എൽ.എ.യുടെ പേരിലും നന്ദിപറയുന്നു. സ്ഥലത്തിന് ന്യായമായ വിലയും, നഷ്ടപ്പെട്ട മരങ്ങൾക്ക് നഷ്ടപ്പെപരിഹാരവും നൽകണം. പല സ്ഥലങ്ങൾ കണ്ടതിന് ശേഷമാണ് ഈ സ്ഥലം നിശ്ചയിച്ചത്. |

## 1.7. പദ്ധതി പ്രദേശത്ത് ഉണ്ടായേക്കാവുന്ന പൊതുവായ പ്രത്യാഘാതം

നിർദ്ദിഷ്ട പദ്ധതിയും അതിന്റെ തുടർ നടത്തിപ്പിന് വേണ്ടി വരുന്ന പശ്ചാത്തല സൗകര്യ വികസനവും പ്രദേശത്തിന്റെ പൊതുവായ വികസനത്തിന് നിർണ്ണായക ഘടകമാകാൻ സാധ്യതയുണ്ട്. കൂടാതെ പദ്ധതി മൂലം പരിഹരിക്കപ്പെടുന്ന കുടിവെള്ള പ്രശ്നം പദ്ധതി പ്രദേശത്തെ താമസ പ്രധാന മേഖലയായി വികസിപ്പിക്കുകയും അത് സാമൂഹിക - സാമ്പത്തിക -സാംസ്കാരിക പുരോഗതിക്ക് കാരണമാവുകയും ചെയ്യും.

## 1.8. സാമൂഹിക പ്രത്യാഘാതം

പദ്ധതി ബാധിതന്റെ ഉടമസ്ഥാവകാശത്തിലുള്ള 42 സെന്റ് ഭൂമിയിൽ 15 സെന്റ് നഷ്ടപ്പെടുന്നു എന്നുള്ളതാണ് പദ്ധതിയുടെ പ്രധാന പ്രത്യാഘാതം. എന്നാൽ പദ്ധതി ബാധിതന്റെ സമ്മതത്തോടെ ലഭ്യമായ ഭൂമി എന്നുള്ളതു കൊണ്ട് തന്നെ പദ്ധതിയുടെ പ്രത്യാഘാതം വളരെ ലഘുതരം എന്ന് കണക്കാക്കാവുന്നതാണ്. പദ്ധതി പ്രദേശം തികച്ചും കാർഷിക പ്രധാനമായ മേഖലയാണ്. എന്നാൽ വർഷത്തിൽ ആറ് മാസത്തോളം നീണ്ടു നിൽക്കുന്ന ജലദൗർലഭ്യം നാണ്യവിള പ്രധാനമായ കൃഷിക്ക് മാത്രമായി പദ്ധതി പ്രദേശത്തെ കാർഷിക പ്രവർത്തനങ്ങളെ ചുരുക്കിയിട്ടുണ്ട്. ഗതാഗത സൗകര്യങ്ങളുടെ അപര്യാപ്തത സമുദ്ര നിരപ്പിൽ നിന്നും വളരെ ഉയർന്ന തലത്തിലുള്ള സ്ഥാനം എന്നിവ പദ്ധതി പ്രദേശത്തിന്റെ വികസനത്തിന് തടസ്സം നിൽക്കുന്ന ഘടകങ്ങളാണ്. നിർദ്ദിഷ്ട പദ്ധതി അതിന്റെ തുടർ നടത്തിപ്പിന് വേണ്ടി വരുന്ന പശ്ചാത്തല സൗകര്യ വികസനവും പ്രദേശത്തിന്റെ പൊതുവായ വികസന

KERALA VHS MULLANKUZHY KOTTAYAM-2 COLLECTORATE P.O.

ത്തിന് നിർണ്ണായക ഘടകമാകാൻ സാധ്യതയുണ്ട്. കൂടാതെ പദ്ധതി മൂലം പരിഹരിക്കപ്പെടുന്ന കുടിവെള്ള പ്രശ്നം പദ്ധതി പ്രദേശത്തെ താമസ പ്രധാന മേഖലയായി വികസിപ്പിക്കുകയും അത് സാമൂഹിക - സാമ്പത്തിക -സാംസ്കാരിക പുരോഗതിക്ക് കാരണമാവുകയും ചെയ്യും.

### 1.9. പ്രത്യാഘാത ലഘൂകരണം

| ക്രമ നം. | ഉണ്ടാകാവുന്ന നഷ്ടം | സമീപനം | സാധ്യമായ ലഘൂകരണ നടപടികൾ |
|---|---|---|---|
| 1 | ഭൂമിയുടെ ഭാഗിക നഷ്ടം | നഷ്ടപരിഹാരം | നഷ്ട പരിഹാരം നൽകുക |
| 2 | കൃഷി നഷ്ടം | നഷ്ട പരിഹാരം | മതിയായ നഷ്ടപരിഹാരം നൽകുക |
| 3 | നാണ്യ വിളകളുടെ നഷ്ടം | നഷ്ട പരിഹാരം | മതിയായ നഷ്ട പരിഹാരം |
| 4 | മരങ്ങളുടെ നഷ്ടം | നഷ്ട പരിഹാരം നിയന്ത്രണം | മതിയായ നഷ്ട പരിഹാരം നൽകുകയും നഷ്ടപ്പെടുന്നതിന് തുല്യ എണ്ണം മരങ്ങൾ സർക്കാർ ഭൂമിയിലോ, സ്വകാര്യ ഭൂമിയിലോ നട്ടു വളർത്താൻ നടപടി സ്വീകരിക്കുക. |
| 5 | പദ്ധതി ബാധിതരെ ഭൂമി ഏറ്റെടുക്കൽ നടപടി ക്രമങ്ങളിൽ ഉൾപ്പെടുത്തുക. | നിയന്ത്രണം | നടപടിക്രമങ്ങളിൽ പദ്ധതി ബാധിതരുടെ പങ്കാളിത്തം ഉറപ്പു വരുത്തുക |
| 6. | പരാതി പരിഹാരം | നിയന്ത്രണം | പ്രവർത്തന നിരതമായ പരാതി പരിഹാര സമിതി പഞ്ചായത്തിലുംജില്ലാ തലത്തിലും പ്രവർത്തിക്കുക. |

### 1.10. പ്രത്യാഘാത ലഘൂകരണ നടപടികൾ

| ക്രമ നം. | ഉണ്ടാകാവുന്ന നഷ്ടം | പോസിറ്റീവ്/ നെഗറ്റീവ് | സാധ്യതാ നിലവാരം | പ്രത്യാഘാത തീവ്രത | പ്രത്യാഘാതം - ലഘൂകരണത്തിന് മുമ്പ് | പ്രത്യാഘാതം - ലഘൂകരണത്തിന് ശേഷം | സാധ്യമായ ലഘൂകരണ നടപടികൾ |
|---|---|---|---|---|---|---|---|
| 3 | ഭൂമിയുടെ ഭാഗിക നഷ്ടം | നെഗറ്റീവ് | സാധ്യമാണ് | മധ്യമം | മധ്യമം | കുറഞ്ഞ | നഷ്ട പരിഹാരം നൽകുക |

KERALA VHSS MULLANKUZHY KOTTAYAM-2 COLLECTORATE P.O.

| | | | | | | | |
|---|---|---|---|---|---|---|---|
| 4 | കൃഷിഭൂമിയുടെ നഷ്ടം | നെഗ റ്റീവ് | സാധ്യ മാണ് | മധ്യമം | മധ്യമം | കുറഞ്ഞ | മതിയായ നഷ്ടപരി ഹാരം നൽകുക |
| 5 | നാണ്യ വിളക ളുടെ നഷ്ടം | നെഗ റ്റീവ് | സാധ്യ മാണ് | മധ്യമം | മധ്യമം | കുറഞ്ഞ | മതിയായ നഷ്ടപരി ഹാരം നൽകുക |
| 6 | മരങ്ങളുടെ നഷ്ടം | നെഗ റ്റീവ് | സാധ്യ മാണ് | കുറ ഞ്ഞ | ലഘു വായ | കുറഞ്ഞ | മതിയായ നഷ്ട പരി ഹാരം നൽകു കയും നഷ്ട പ്പെടുന്നതിന് തുല്യ എണ്ണം മരങ്ങൾ സർക്കാർ ഭൂമി യിലോ, സ്വകാര്യ ഭൂമി യിലോ നട്ടു വളർത്താൻ നടപടി സ്വീക രിക്കുക. |
| 7 | പദ്ധതി ബാധി തരെ ഭൂമി ഏറ്റെടുക്കൽ നടപടിക്രമങ്ങ ളിൽ ഉൾപ്പെടു ത്തുക. | പോസി റ്റീവ് | സാധ്യ മാണ് | കുറ ഞ്ഞ | ലഘു വായ | മധ്യമം | നടപടി ക്രമങ്ങ ളിൽ പദ്ധതി ബാധിതരുടെ പങ്കാളിത്തം ഉറപ്പു വരു ത്തുക. |
| 8 | പരാതി പരി ഹാരം | നെഗ റ്റീവ് | സാധ്യ മാണ് | വളരെ ഉയർന്ന | മധ്യമം | മധ്യമം | പ്രവർത്തന നിരതമായ പരാതി പരി ഹാര കമ്മറ്റി ജില്ലാ തല ത്തിലും പഞ്ചാ യത്ത് തല ത്തിലും പ്രവർത്തിക്കു ക. |

KERALA V H S COLLECTORATE P.O. ★ MULLANKUZHY KOTTAYAM-2 ★

**1.11.സാമൂഹ്യ പ്രത്യാഘാത പരിഹാര നിർവ്വഹണ പദ്ധതിയുടെ സ്ഥാപന ഘടനാ സംവിധാനം**

| സാമൂഹ്യ പ്രത്യാഘാത പരിഹാര ഉത്തര വാദിത്തം | നിർവ്വഹിക്കുന്ന പ്രധാന വ്യക്തികൾ |
|---|---|
| ജില്ലാ കളക്ടർ | നഷ്ട പരിഹാര നിർണ്ണയവും പരാതി പരി ഹാരവും |
| ഡെപ്യൂട്ടി കളക്ടർ (ഭൂമി ഏറ്റെടുക്കൽ) | ഭൂമി ഏറ്റെടുക്കൽ, നഷ്ട പരിഹാര നിർണ്ണയം |
| സ്പെഷ്യൽ തഹസിൽദാർ | ഭൂമി ഏറ്റെടുക്കൽ, നഷ്ട പരിഹാര നിർണ്ണയം |
| കേരള വാട്ടർ അതോറിറ്റി വകുപ്പ് | നടപ്പാക്കൽ ഏജൻസി |
| ജില്ലാ ഫോറസ്റ്റ് ഓഫീസർ | മരങ്ങളുടെ നഷ്ടപരിഹാരം നിർണ്ണയി ക്കൽ |
| റിക്വസിഷൻ അധികാരികൾ | പുനരധിവാസവും പുനസ്ഥാപനവും |

**1.12- സാമൂഹിക പ്രത്യാഘാത കാര്യ നിർവ്വഹണ പദ്ധതി-പ്രധാനപ്പെട്ട മേൽനോട്ട വിലയിരുത്തൽ സൂചകങ്ങൾ**

- നഷ്ടപരിഹാരം കണക്കാക്കുവാൻ ഉപയോഗിച്ച മാനദണ്ഡങ്ങൾ.
- പരാതി പരിഹാര സമിതിയുടെ രൂപീകരണം.
- പുനരധിവാസത്തിനും പുനസ്ഥാപനത്തിനും വേണ്ടി വരുന്ന സമയം.
- നഷ്ടപരിഹാര വിനിയോഗം
- പരാതി പരിഹാര സമിതി നടത്തിയ യോഗങ്ങൾ, തീരുമാനങ്ങൾ
- കോടതി കേസുകളുടെ എണ്ണം

**1.13. സാമൂഹിക പ്രത്യാഘാത വിലയിരുത്തൽ**

അനേകം കുടുംബങ്ങൾക്ക് കുടിവെള്ളം എത്തിക്കുന്ന ഒരു പദ്ധതിക്ക് വേണ്ടി ഭൂഉടമസ്ഥന്റെ സമ്മതത്തോടെ 15 സെന്റ് ഭൂമി ഏറ്റെടുക്കുന്നു എന്നത് കൊണ്ട് തന്നെ പദ്ധതിയുടെ സാമൂഹ്യ പ്രത്യാഘാതം വളരെ ലഘുതരം എന്ന് കണക്കാക്കാവുന്നതാണ്. പദ്ധതി വിഭാവനം ചെയ്യുന്ന നേട്ടങ്ങൾ കണക്കാക്കുമ്പോൾ പദ്ധതിയുടെ പൊതു താൽപര്യ പ്രസക്തി വളരെ വലുതും ബദൽ നിർദ്ദേശങ്ങൾ ഇല്ലാത്തതുമാണ്. പദ്ധതി പ്രദേശത്തിന്റെ തിരഞ്ഞെടുപ്പ് സാങ്കേതിക അടിസ്ഥാനത്തിൽ നിർവഹിച്ചതിനാലും ആയത് പദ്ധതിക്ക് ഏറ്റവും അനുയോജ്യമായ സ്ഥാനത്താണ് എന്നുള്ളതും കണക്കാക്കുമ്പോൾ ബദൽ നിർദ്ദേശങ്ങൾ അപ്രസക്തമാണ്. ഏറ്റെടുക്കുന്ന ഭൂമിയുടെ നഷ്ടം പദ്ധതി ബാധിതന്റെ സാമൂഹിക-സാമ്പത്തിക സ്ഥിതിയെ ഏതെങ്കിലും തരത്തിൽ ദോഷകരമായി ബാധിക്കാൻ സാധ്യത കാണുന്നില്ല. കൂടാതെ പദ്ധതിയുടെ ഗുണഭോക്താവ് എന്ന നിലയിൽ പദ്ധതി നേട്ടങ്ങൾ പദ്ധതി ബാധിതനും ലഭ്യമാവും എന്നതിനാലും ഭൂമി ഏറ്റെടുക്കൽ മൂലം പദ്ധതി ബാധിതന് ഉണ്ടാ

KERALA VHSS MULLANKUZHY KOTTAYAM-2 COLLECTORATE P.O.

കുന്ന പ്രത്യാഘാതത്തെ വളരെ കുറഞ്ഞത് എന്ന ഗണത്തിൽ ഉൾപ്പെടുത്താവുന്നതാണ്. പദ്ധതി മൂലം പരിഹരിക്കാൻ ഇടയുള്ള കുടിവെള്ള ക്ഷാമം ലഭ്യമാകുന്ന പശ്ചാത്തല വികസനം, കാർഷിക രംഗത്തെ വളർച്ച, പദ്ധതി പ്രദേശത്തെ ജനങ്ങളുടെ ജീവിത നിലവാരത്തിൽ ഉണ്ടാവാൻ സാധ്യതയുള്ള പുരോഗതി, സ്ത്രീകളുടെ ജോലി ഭാരത്തിൽ ഉണ്ടാകുന്ന കുറവ് എന്നിവ പരിഗണിക്കുമ്പോൾ പദ്ധതിയുടെ പൊതുതാൽപര്യം വളരെ മികച്ചത് എന്നും സാമൂഹ്യ പ്രത്യാഘാതം ലഘുതരം എന്നും കാണാവുന്നതാണ്.

മേൽപറഞ്ഞ കാര്യങ്ങൾ സൂചിപ്പിക്കുന്നത് ന്യായമായ പുനരധിവാസ പുനർവാസ നടപടികൾകൊണ്ടും, പൊതുജന പങ്കാളിത്തം ഉറപ്പാക്കുന്ന സമീപനം കൊണ്ടും പദ്ധതിയുടെ സാമൂഹ്യ പ്രത്യാഘാതത്തെ വീണ്ടും കുറയ്ക്കാൻ സാധ്യമാകും എന്നതാണ്. പദ്ധതിയുടെ പൊതുതാൽപര്യം പദ്ധതികൊണ്ട് ഉണ്ടാകാവുന്ന സാമൂഹ്യ സാമ്പത്തിക നേട്ടങ്ങൾ എന്നിവ പരിഗണിക്കുമ്പോഴും, ശരിയായ പുനരധിവാസ- പുനർവാസ നടപടികൾ കൊണ്ട് പ്രത്യാഘാതം ലഘൂകരിക്കാം എന്നുള്ളതുകൊണ്ടും, ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും പുനരധിവാസത്തിനും സുതാര്യതയ്ക്കും ഉള്ള അവകാശ നിയമം 2013 ഉം തുടർന്നുള്ള ചട്ടങ്ങളും അനുസരിച്ചുള്ള ഭൂമി ഏറ്റെടുക്കൽ നടപടികളുമായി ഗവൺമെന്റിന് മുന്നോട്ട് പോകാവുന്നതാണ്.

സാജു വി.ഇട്ടി
ചെയർമാൻ
സാമൂഹ്യ പ്രത്യാഘാത യൂണിറ്റ്

<u>അനുബന്ധരേഖകൾ</u>

1. പദ്ധതി ബാധിതരുടെ പേരു വിവരങ്ങൾ
2. ഫോട്ടോഗ്രാഫ്
3. പത്രപരസ്യം (ഫോറം. നം. 5 നോട്ടിഫിക്കേഷൻ)
4. നോട്ടീസ്
5. പൊതു അഭിപ്രായ സ്വീകരണ ഹാജർ
6. ഗസറ്റ് നോട്ടിഫിക്കേഷൻ

KERALA VHS COLLECTORATE P.O. MULLANKUZHY KOTTAYAM-2

അനുബന്ധം - 1

## വാട്ടർ ടാങ്ക് നിർമ്മാണം

## നെടിയിരുപ്പ് വില്ലേജ് ,കൊണ്ടോട്ടി താലൂക്ക്, മലപ്പുറം ജില്ല

## പദ്ധതി ബാധിതന്റെ പേര് വിവരങ്ങൾ

| ക്രമ നം. | സർവ്വേ /നമ്പർ | പേരും മേൽവിലാസവും | ഫോൺ നമ്പർ | ബാധിക്കപ്പെടുന്ന വസ്തുവിന്റെ വിവരണം |
|---|---|---|---|---|
| 1 | 95/9 - 1 | സുലൈമാൻ മുഹമ്മദ് ഞാറക്കോടൻ,<br>വട്ടക്കണ്ടത്തിൽ ഹൗസ്<br>എക്കാപറമ്പ്, കുഴിമണ്ണ പി.ഒ<br>പിൻ നം. 673641 | 9961735473 | വസ്തു |

KERALA VHS COLLECTORATE P.O.<br>MULLANKUZHY<br>KOTTAYAM-2

അനുബന്ധം - 2

<u>ഫോട്ടോഗ്രാഫ്</u>










KERALA VHS
MULLANKUZHY
KOTTAYAM-2
COLLECTORATE P.O.

## പൊതു അഭിപ്രായ സ്വീകരണ യോഗം









KERALA V H S
MULLANKUZHY
KOTTAYAM-2
COLLECTORATE P.O.

ഫാറം 5 ചട്ടം 14 (1) വിജ്ഞാപനം തീയതി : 18/11/2021

ചുവടെ പട്ടികയിൽ വിവരിക്കുന്ന മലപ്പുറം ജില്ലയിൽ കൊണ്ടോട്ടി താലൂക്കിൽ, നെടിയിരുപ്പ് വില്ലേജിൽ ഉൾപ്പെടുന്ന ഭൂമി ഒരു പൊതു ആവശ്യത്തിലേക്കായി അതായത് കൊണ്ടോട്ടി മുനിസിപ്പാലിറ്റിക്ക് വേണ്ടി ഉന്നത ജല സംഭരണി നിർമ്മിക്കുന്നതിന് ആവശ്യമുണ്ടെന്നോ, ആവശ്യമുണ്ടായേക്കാമെന്നോ കേരള സർക്കാരിന് ബോധ്യപ്പെട്ടതിനാലും, ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ട പരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ലെ (2013 ലെ 30-ാം കേന്ദ്ര ആക്ട്) 4-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പ് അനുസരിച്ച് കേരളാ ഗസറ്റ് തീയതി 2021, സെപ്റ്റംബർ 25, നം. 2787, വിജ്ഞാപനം നമ്പർ. ഡി.സി.എം.പി.എം 4179/2020- എൽ.എ2, തീയതി, 2021, സെപ്റ്റംബർ 2 അറിയി പ്പ് പ്രകാരം താഴെപ്പറയുന്ന പട്ടികയിൽ വിവരിക്കുന്ന പ്രദേശത്ത് ഒരു സാമൂഹിക ആഘാത പഠന വിലയിരുത്തൽ നടത്താൻ തീരുമാനിച്ചിട്ടുള്ളതാണ്. ആയതിനാൽ ആക്ടിൽ പരാമർശിക്കും പ്രകാരം സാമൂഹിക പ്രത്യാഘാത പഠന റിപ്പോർട്ട് തയ്യാറാ ക്കുന്നതിന് താഴെ പട്ടികയിൽ വിവരിക്കുന്ന ഭൂമിയിൽ ഉടമസ്ഥതയോ, അവകാശമോ, താൽപ്പര്യങ്ങളോ ഉള്ള താങ്കളോ, താങ്കൾ ചുമതലപ്പെടുത്തുന്ന ആളുകളോ 2021-ാം മാണ്ട് ഡിസംബർ 4-)ം തീയതി, രാവിലെ 11 മണിക്ക് പദ്ധതി ബാധിതനയ ഞാറക്കോടൻ വീട്ടിൽ ശ്രീ. സുലൈമാൻ മുഹമ്മദിന്റെ ഭവനത്തിൽ വച്ച് നടത്തുന്ന പൊതു അഭിപ്രായ സ്വീകരണയോഗത്തിൽ പങ്കെടുക്കണമെന്ന് ഇതിനാൽ അറിയിക്കു ന്നു.

| ക്രമ നം. | സർവ്വേ നം. | വിവരണം | വി..ഹെക്ടർ | പേര് |
|---|---|---|---|---|
| 1 | 95/9-1 | പുരയിടം | 0.0607 (15സെന്റ്) | സുലൈമാൻ മുഹമ്മദ്, ഞാറക്കോടൻ, ഒഴുവൂർ |
| | ആകെ വിസ്തീർണ്ണം | | 0.0607 (15 സെന്റ്) | |

ചെയർമാൻ, സാമൂഹിക പ്രത്യാഘാത പഠന യൂണിറ്റ്

മംഗളം

2021 നവംബർ 28 ഞായർ

ഫാറം 5 ചട്ടം 14 (1) **വിജ്ഞാപനം** തീയതി : 18/11/2021

ചുവടെ പട്ടികയിൽ വിവരിക്കുന്ന മലപ്പുറം ജില്ലയിൽ കൊണ്ടോട്ടി താലൂക്കിൽ, നെടിയിരുപ്പ് വില്ലേജിൽ ഉൾപ്പെടുന്ന ഭൂമി ഒരു പൊതു ആവശ്യത്തിലേക്കായി അതായത് കൊണ്ടോട്ടി മുനിസിപ്പാലിറ്റിക്ക് വേണ്ടി ഉന്നത ജല സംഭരണി നിർമ്മിക്കുന്നതിന് ആവശ്യമുണ്ടെന്നോ, ആവശ്യമുണ്ടായേക്കാമെന്നോ കേരള സർക്കാരിന് ബോധ്യപ്പെട്ടതിനാലും, ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ട പരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ലെ (2013 ലെ 30-ാം കേന്ദ്ര ആക്ട്) 4-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പ് അനുസരിച്ച് കേരളാ ഗസറ്റ് തീയതി 2021, സെപ്റ്റംബർ 25, നം. 2787, വിജ്ഞാപനം നമ്പർ. ഡി.സി.എം.പി.എം 4179/2020- എൽ.എ2, തീയതി, 2021, സെപ്റ്റംബർ 2 അറിയി പ്പ് പ്രകാരം താഴെപ്പറയുന്ന പട്ടികയിൽ വിവരിക്കുന്ന പ്രദേശത്ത് ഒരു സാമൂഹിക ആഘാത പഠന വിലയിരുത്തൽ നടത്താൻ തീരുമാനിച്ചിട്ടുള്ളതാണ്. ആയതിനാൽ ആക്ടിൽ പരാമർശിക്കും പ്രകാരം സാമൂഹിക പ്രത്യാഘാത പഠന റിപ്പോർട്ട് തയ്യാറാ ക്കുന്നതിന് താഴെ പട്ടികയിൽ വിവരിക്കുന്ന ഭൂമിയിൽ ഉടമസ്ഥതയോ, അവകാശമോ, താൽപ്പര്യങ്ങളോ ഉള്ള താങ്കളോ, താങ്കൾ ചുമതലപ്പെടുത്തുന്ന ആളുകളോ 2021-ാം മാണ്ട് ഡിസംബർ 4-)ം തീയതി, രാവിലെ 11 മണിക്ക് പദ്ധതി ബാധിതനയ ഞാറക്കോടൻ വീട്ടിൽ ശ്രീ. സുലൈമാൻ മുഹമ്മദിന്റെ ഭവനത്തിൽ വച്ച് നടത്തുന്ന പൊതു അഭിപ്രായ സ്വീകരണയോഗത്തിൽ പങ്കെടുക്കണമെന്ന് ഇതിനാൽ അറിയിക്കു ന്നു.

| ക്രമ നം. | സർവ്വേ നം. | വിവരണം | വി..ഹെക്ടർ | പേര് |
|---|---|---|---|---|
| 1 | 95/9-1 | പുരയിടം | 0.0607 (15സെന്റ്) | സുലൈമാൻ മുഹമ്മദ്, ഞാറക്കോടൻ, ഒഴുവൂർ |
| | ആകെ വിസ്തീർണ്ണം | | 0.0607 (15 സെന്റ്) | |

ചെയർമാൻ, സാമൂഹിക പ്രത്യാഘാത പഠന യൂണിറ്റ്

സ്വീകർത്താവ്

ശ്രീ. സുലൈമാൻ മുഹമ്മദ് ഞാറക്കോടൻ
വട്ടക്കണ്ടത്തിൽ ഹൗസ്

നോട്ടീസ് / അറിയിപ്പ്

മലപ്പുറം ജില്ലയിൽ കൊണ്ടോട്ടി താലൂക്കിൽ നെടിയിരുപ്പ് വില്ലേജിൽ ഉൾപ്പെടുന്ന ഭൂമി ഒരു പൊതു ആവശ്യത്തിലേക്കായി അതായത് കൊണ്ടോട്ടി മുനിസിപ്പാലിറ്റിക്ക് വേണ്ടി ഉന്നത ജല സംഭരണി നിർമ്മിക്കുന്നതിന് വേണ്ടി ആവശ്യമുണ്ടെന്നോ, ആവശ്യമുണ്ടായേക്കാമെന്നോ കേരള സർക്കാരിന് ബോധ്യപ്പെട്ടതിനാലും, ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ട പരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ലെ (2013 ലെ 30-ാം കേന്ദ്ര ആക്ട്) 4-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പ് അനുസരിച്ച് കേരളാ ഗസറ്റ് തീയതി 2021, സെപ്റ്റംബർ 25, നം. 2787, വിജ്ഞാപനം നമ്പർ. ഡി.സി.എം.പി.എം 4179/2020- എൽ.എ2, തീയതി, 2021, സെപ്റ്റംബർ 2, അറിയിപ്പ് പ്രകാരം ടി പ്രദേശത്ത് ഒരു സാമൂഹിക പ്രത്യാഘാത പഠന വിലയിരുത്തൽ നടത്താൻ തീരുമാനിച്ചിട്ടുള്ളതാണ്. ആയതിനാൽ ആക്ടിൽ പരാമർശിക്കും പ്രകാരം സാമൂഹിക പ്രത്യാഘാത പഠന റിപ്പോർട്ട് തയ്യാറാക്കുന്നതിന്, ഏറ്റെടുക്കുന്ന ഭൂമിയിൽ ഉടമസ്ഥതയോ, അവകാശമോ, താൽപര്യങ്ങളോ ഉള്ള താങ്കളോ താങ്കൾ ചുമതലപ്പെടുത്തുന്ന ആളുകളോ, 2021-ാം മാണ്ട് ഡിസംബർ മാസം 4 -ാം തീയതി രാവിലെ 11 മണിക്ക് പദ്ധതി ബാധിതനായ വട്ടക്കണ്ടത്തിൽ വീട്ടിൽ ശ്രീ. സുലൈമാൻ മുഹമ്മദിന്റെ ഭവനത്തിൽ വച്ച് നടത്തുന്ന പൊതു അഭിപ്രായ സ്വീകരണയോഗത്തിൽ പങ്കെടുക്കണമെന്ന് ഇതിനാൽ അറിയിക്കുന്നു.

KERALA VHS MULLANKUZHY KOTTAYAM-2 COLLECTORATE P.O.

ചെയർമാൻ
സാമൂഹിക പ്രത്യാഘാത പഠന യൂണിറ്റ്

സ്ഥലം : കോട്ടയം
തീയതി : 18/11/2021

സാമൂഹിക പ്രത്യാഘാത പഠനം

കൊണ്ടോട്ടി മുനിസിപ്പാലിറ്റിക്ക് വേണ്ടിയുള്ള ഉന്നതതല ജല സംഭരണി നിർമ്മാണം

കൊണ്ടോട്ടി താലൂക്ക്, നെടിയിരുപ്പ് വില്ലേജ്

15 സെന്റ്

പൊതു അഭിപ്രായ സ്വീകരണം

സ്ഥലം : സുലൈമാൻ മുഹമ്മദിന്റെ ഭവനം

തീയതി : 3/12/2021 സമയം 11 എ. എം.

| ക്രമ നം. | പേരും മേൽവിലാസവും | ഫോൺ നമ്പർ | ഒപ്പ് |
|---|---|---|---|
| 1 | ഷിബിൻ ലാൽ. ടി<br>വള്ളിക്കുന്ന് (H)<br>കൊട്ടക്കര | 9605887376 | |
| 2. | K.P. Firoz.<br>Kottapalakudath - (H)<br>Kuzhippath, Po-Kondotty | 9447926157 | KPF |
| 3. | ശ്രീജേഷ്. വി.<br>AE, KWA, Malappuram | 9207092870 | |
| 4 | വി.പി. വേലായുധൻ<br>സ്പെഷ്യൽ തഹസിൽദാർ<br>L.A. യൂണിറ്റ്-3, KIIFB, MLP | 9447409018 | |
| 5. | M.V. Radhakrishnan<br>Project Assistant | 9446044995 | |
| 6. | N. സുബൈദ<br>വടക്കേത്തൊടി പറമ്പ് | 9961735473 | |

| | | | |
|---|---|---|---|
| 7. | ഉമാദേവി.വി<br>ഓവർസിയർ, കേരള വാട്ടർ അതോറിറ്റി, മലപ്പുറം | 9633568437 | [signature] |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |

©
കേരള സർക്കാർ
Government of Kerala
2021

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE

## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

കളക്ടറേറ്റ്
25 NOV 2021
മലപ്പുറം

| | | | |
|---|---|---|---|
| വാല്യം 10<br>Vol. X | തിരുവനന്തപുരം,<br>ശനി<br>Thiruvananthapuram,<br>Saturday | 2021 സെപ്റ്റംബർ 25<br>25th September 2021<br>1197 കന്നി 9<br>9th Kanni 1197<br>1943 ആശ്വിനം 3<br>3rd Aswina 1943 | നമ്പർ<br>No. 2787 |

FORM NO. 4

[*See* Rule 11(3)]

NOTIFICATION

No. DCMPM/4179/2020-LA2. *2nd September, 2021.*

WHEREAS, in exercise of powers conferred by the provisions to clause (e) of section 3 of the Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act, 2013 (Central Act 30 of 2013), Government of Kerala have notified and authorized the District Collector as appropriate Government as per G. O. (P) No. 376/2016/RD dated 29-6-2016 published SRO No. 468/16, in Kerala Gazette dated 8-7-2016 for the purpose of acquisition of land not exceeding 200 Ares in a District for public purpose;

This is a digitally signed Gazette

KERALA V H S MULLANKUZHY KOTTAYAM-2 COLLECTORATE P.O.

WHEREAS, it appears to the appropriate Government and the District Collector Malappuram that the land specified in the schedule below is needed or likely to be needed for a public purpose, to wit for "Land Acquisition for The Construction of Over Head Tank as part of Drinking Water Project of Kondotty Municipality at Nediyirippu Village" in Malappuram District;

WHEREAS, in exercise of powers conferred by the provision to Section 4 of the Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act, 2013 (Central Act 30 of 2013) the Appropriate Government and the District Collector Malappuram have decided to conduct a Social Impact Assessment in the area specified in the schedule below;

NOW, THEREFORE, sanction is accorded to the unit "Saju. V. Itty, Executive Director, Kerala Voluntary Health Services, Mullankuzhi, Collectorate P. O., Kottayam, Pin 686 002" to conduct a Social Impact Assessment Study and to prepare a Social Impact Management Plan as provided in the Act, the process shall be completed within a period of 5 weeks, not exceeding six months in any case.

SCHEDULE

*District*—Malappuram. *Taluk*— Kondotty.

*Village or Amsom*— Nediyirippu. *Block No.*—35.

| *Sl. No.* | *Survey No.* | *Description* | *Extent (in Hectares) (Approximate)* |
|---|---|---|---|
| 1 | 95/9-1 | Purayidam (Dry Land) | 0.0607 |
| | | **Total** | **0.0607** |

(Sd.)
DISTRICT COLLECTOR,
*Malappuram.*

KERALA VHS MULLANKUZHY KOTTAYAM-2 COLLECTORATE P.O.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2021

This is a digitally signed Gazette